# ആമലവാണി

പ്രതിമാസ ന്യൂസ് ലെറ്റർ

അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തൃശൂർ

ലക്കം 06 നമ്പർ 09 സ്വകാര്യ വിതരണത്തിന് മാത്രം

ആഗസ്റ്റ് – സെപ്റ്റംബർ 2014

## കാൻസർ രോഗികളുടെ ഓണാഘോഷം



കാൻസർ രോഗികൾക്കായ് നടത്തിയ ഓണാഘോഷത്തിൽ പങ്കെടുക്കാൻ നടിയും നർത്തകിയുമായ ശോഭനയെത്തിയത് സാന്ത്വനമായി. അമലയിൽ ആരംഭിച്ച ചാവറ റിലീഫ് ഫണ്ടിന്റെ ഉദ്ഘാടനം നടത്തിയ ശോഭന, ഡയാലിസിസ് യൂണിറ്റ് വാങ്ങുന്നതിന് പത്മശ്രീ സി. കെ. മേനോൻ നൽകിയ ധനസഹായം ജില്ല സൗഹൃദവേദി പ്രവർത്തകനായ ജോൺ റാൽഫ് ചടങ്ങിൽവെച്ച് നൽകിയത് ഏറ്റുവാങ്ങി ഡയറക്ടർക്ക് കൈമാറി. നടി രചന നാരായണൻകുട്ടി, പിന്നണി ഗായിക ലിജി ഫ്രാൻസിസ്, ദേവമാതാ പ്രൊവിൻഷ്യാൾ ഫാ. വാൾട്ടർ തേലപ്പിള്ളി, മഞ്ഞിലാസ് ഗ്രൂപ്പ് ഡയറക്ടർ വിനോദ്, അമല ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. ജെയ്സൺ മുണ്ടന്മാണി, ഫാ. തോമസ് വാഴക്കാല എന്നിവർ പ്രസംഗിച്ചു. രോഗികൾക്ക് ക്രെഡിറ്റ് കാർഡ്, ഓണപ്പുടവ എന്നിവ വിതരണം ചെയ്തു. ചടങ്ങിനോടനുബന്ധിച്ച് ഓണസദ്യയും നൽകി.

## എം. ബി. ബി. എസ്. വിദ്യാരംഭം



അമലയിൽ ആരംഭിച്ച 2014 ബാച്ച് എം. ബി. ബി. എസ്. വിദ്യാർത്ഥികളുടെ വിദ്യാരംഭ ചടങ്ങുകളുടെ ഉദ്ഘാടനം ദേവമാതാ പ്രൊവിൻഷ്യാൾ ഫാ. വാൾട്ടർ തേലപ്പിള്ളി നിർവ്വഹിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, പ്രിൻസിപ്പൽ ഡോ. എം. ആർ. ചന്ദ്രൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. കെ. ഭവദാസൻ, സ്റ്റാഫ് അഡ്വൈസർ ഡോ. വിജയലക്ഷ്മി നായർ, പി.ടി.എ. പ്രസിഡന്റ് പ്രൊഫസർ എ. എം.ജോസ് എന്നിവർ പ്രസംഗിച്ചു.

## ആയുർവ്വേദ പാരാമെഡിക്കൽ ബിരുദ ദാനം



അമല ആയുർവ്വേദ വിഭാഗത്തിൽ ഗവൺമെന്റ് അംഗീകൃത പാരാമെഡിക്കൽ കോഴ്സുകൾ പാസ്സായവരുടെ ബിരുദ ദാനചടങ്ങ് സംസ്ഥാനആയുർവ്വേദ മെഡിക്കൽ എജുക്കേഷൻ ഡയറക്ടർ ഡോ. ടി. ശിവദാസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് ഏറ്റവും മികച്ച വിജയ ശതമാനവും രണ്ട് റാങ്കുകളും കരസ്ഥമാക്കിയ അമലയെ അദ്ദേഹം അനുമോദിച്ചു. അമല ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻ പുരയ്ക്കൽ, പ്രിൻസിപ്പൽ ഡോ. എം. ആർ. ചന്ദ്രൻ, ചീഫ് ഫിസിഷ്യൻ ഡോ. എം. കേശവൻ, കോഴ്സ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ഓസ്റ്റിൻ, റിസേർച്ച് അഡ്വൈസർ ഡോ. സി. ഐ. ജോളി, പേരന്റ് പ്രതിനിധി ഡേവീസ്, വിദ്യാർത്ഥി പ്രതിനിധി കെ. എൽ. ഫെർണാണ്ടസ് എന്നിവർ പ്രസംഗിച്ചു.

## കാർഡിയോളജി ഒ. പി. വിഭാഗം



കാർഡിയാക് സെന്ററിൽ പുതിയതായി സ്ഥാപിച്ച റോട്ട അബ്ലേറ്റർ മെഷ്യനും, നവീകരിച്ച ഒ. പി. വിഭാഗവും സംസ്ഥാനമനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ബെഞ്ചമിൻ കോശി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. കെ. ഭവദാസൻ, കാർഡിയോളജി വിഭാഗം മേധാവി ഡോ.എസ്. അബ്ദുൾ ഖാദർ, കാർഡിയോളജിസ്റ്റ് ഡോ. രൂപേഷ് ജോർജ് എന്നിവർ പ്രസംഗിച്ചു. രക്തക്കുഴലിൽ കാൽസ്യം കട്ടപിടിച്ചത് നീക്കം ചെയ്യാനുള്ള ആധുനിക ഉപകരണമാണ് റോട്ട അബ്ലേറ്റർ.

## 'ആർച്ച്' പദ്ധതി ഗുണഭോക്താക്കളുടെ സംഗമം



അമല മെഡിക്കൽ കോളേജ് അടാട്ട് പഞ്ചായത്തിൽ തുടങ്ങിയ അമല റൂറൽ കമ്മ്യൂണിറ്റി ഹെൽത്ത് പദ്ധതിയിൽപെട്ട ഗുണഭോക്താക്കളായ 700 വീട്ടുകാരുടെ സംഗമം ചിറ്റിലപ്പിള്ളി സെന്റ് റിത്താസ് പള്ളിയിൽ ആഗസ്റ്റ് 30, 31 തിയ്യതികളിൽ നടന്നു. ചടങ്ങിന്റെ ഉദ്ഘാടനം പി. എ. മാധവൻ എം. എൽ. എ. നിർവ്വഹിച്ചു. തൃശ്ശൂർ എ. ഡി. എം. പി. വി. മോൻസി സഹായധനവും, ഓണക്കിറ്റും വിതരണം ചെയ്തു. അടാട്ട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. ആർ. ജയചന്ദ്രൻ, ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, അസോസിയേറ്റ് ഡയറക്ടർ ഫാ. തോമസ് വാഴക്കാല, പ്രിൻസിപ്പൽ ഡോ. എം. ആർ. ചന്ദ്രൻ, കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. സി. ആർ. സാജു, വികാരി ഫാ. വർഗ്ഗീസ്സ് കാഞ്ഞിരത്തിങ്കൽ, ആബാ പ്രസിഡന്റ് സി. പി. വർഗ്ഗീസ്, മെഡിക്കൽ വിദ്യാർത്ഥിനി പി. എസ്. അനുപമ എന്നിവർ പ്രസംഗിച്ചു. സൗജന്യ തിമിര രോഗനിർണ്ണയവും ബോധവൽക്കരണ ക്ലാസ്സും നടത്തി.

## ആബാ സൊസൈറ്റി ഓണാഘോഷം



അമലയിൽ പ്രവർത്തിക്കുന്ന ആബ സൊസൈറ്റി പ്രദേശത്തെ നിർധനരായ 300 പേർക്ക് ഓണക്കോടിയും, എസ്. എസ്. എൽ. സി. പരീക്ഷയിൽ മികവ് പുലർത്തിയവർക്ക് സ്കോളർഷിപ്പും വിതരണം ചെയ്തു. തൃശ്ശൂർ അഡീഷണൽ ഇൻകംടാക്സ് കമ്മീഷണർ ജ്യോതിസ് മോഹൻ ഉദ്ഘാടനം ചെയ്തു. ദേവമാതാ പ്രൊവിൻഷ്യാൾ ഫാ. വാൾട്ടർ തേലപ്പിള്ളി, ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, അസോസിയേറ്റ് ഡയറക്ടർ ഫാ. തോമസ് വാഴക്കാല, ആബാ പ്രസിഡന്റ് സി. പി. വർഗ്ഗീസ്സ്, വൈസ്പ്രസിഡന്റ് വർഗ്ഗീസ് തരകൻ, സെക്രട്ടറി സി. ഡി. ജോസ് എന്നിവർ പ്രസംഗിച്ചു.

## എയ്ഡ്സ് നിയന്ത്രണ പ്രചാരണ ജാഥക്ക് സ്വീകരണം



സംസ്ഥാനഎയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആരോഗ്യസന്ദേശ പ്രചാരണ ജാഥക്ക് അമലയിൽ സ്വീകരണം നൽകി. കെ.എൻ.എ. ഖാദർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. അടാട്ട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. ആർ. ജയചന്ദ്രൻ, അമല അസോസ്സിയേറ്റ് ഡയറക്ടർ ഫാ. തോമസ് വാഴക്കാല കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. സി.ആർ. സാജു, പി. ആർ. ഒ. ജോസഫ് വർഗ്ഗീസ്, ഹെൽത്ത് ഇൻസ്പെക്ടർ എച്ച്. ഷബീർ എന്നിവർ പ്രസംഗിച്ചു.

## ഡെർമറ്റോളജി ഒറേഷനും അവാർഡ് ദാനവും



അമല ഡെർമറ്റോളജി വിഭാഗം സംഘടിപ്പിച്ച ഒറേഷൻ മദ്രാസ് മെഡിക്കൽ കോളേജ് ഡെർമറ്റോളജി വിഭാഗം മേധാവിയായിരുന്ന ഡോ. വി. ആർ. ജാനകി നിർവ്വഹിച്ചു. ഡെർമറ്റോളജി ചികിത്സാ വിഭാഗത്തിന് നല്കിയ മികച്ച സേവനത്തിന് ഡോ. ജാനകിയെ അവാർഡും പൊന്നാടയും പ്രശസ്തിപത്രവും നൽകി അമല ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി ആദരിച്ചു. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം. ആർ. ചന്ദ്രൻ, ഡെർമറ്റോളജി വിഭാഗം മേധാവി ഡോ. എസ്. ക്രൈറ്റൻ, ഡെർമറ്റോളജിസ്റ്റ് മുഹമ്മദ് നസീർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന സെമിനാറിൽ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി 150-ഓളം വിദഗ്ദ്ധഡോക്ടർമാർ പങ്കെടുത്തു.

## ബി.എസ്.സി. നേഴ്സിംഗ് വിദ്യാരംഭം



അമല കോളേജ് ഓഫ് നേഴ്സിംഗിൽ 10-ാം ബാച്ച് വിദ്യാർത്ഥികളുടെ പ്രവേശനോത്സവം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം. ആർ. ചന്ദ്രൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. കെ. ഭവദാസൻ, നേഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. രാജി രഘുനാഥ്, വൈസ് പ്രിൻസിപ്പൽ സിസ്റ്റർ മേരി മണ്ണാറത്ത്, നേഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ദേപ്പാസി, പി.ടി.എ. പ്രസിഡന്റ് കെ. ജെ. പൗലോസ് എന്നിവർ പ്രസംഗിച്ചു. 50 വിദ്യാർത്ഥികളാണ് പ്രവേശനം നേടിയത്.

## ആന്റി റാഗിംഗ് ക്യാമ്പയിൻ




റാഗിംഗ് എന്ന ക്രൂരപീഡനം ക്യാമ്പസ്സുകളിൽ നിന്ന് തുടച്ച് നീക്കാൻ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി ആന്റി റാഗിംഗ് ക്യാമ്പയിൻ ആരംഭിച്ചു. സബ് ജഡ്ജ് ആർ. ടി. പ്രകാശ്, ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് ജി. മഹേഷ്, അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് ജയചന്ദ്രൻ പിള്ള, അമല ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, പ്രിൻസിപ്പൽ ഡോ. എം. ആർ. ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

## ആയുർവ്വേദ ഓണാഘോഷം



അമല ആയുർവ്വേദ വിഭാഗം സംഘടിപ്പിച്ച ഓണാഘോഷം വിദേശികൾക്ക് വിസ്മയക്കാഴ്ചയായി. ചെണ്ടവാദ്യം, പുലിക്കളി, കൈക്കൊട്ടിക്കളി എന്നിവ ഉൾപ്പെടുത്തിയാണ് ആഘോഷം സംഘടിപ്പിച്ചത്. ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി ഉദ്ഘാടനം ചെയ്തു. ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ, ചീഫ് ഫിസിഷ്യൻ ഡോ. എം. കേശവൻ, റിസേർച്ച് അഡ്വൈസർ ഡോ. സി.ഐ. ജോളി, ഹോമിയോ വിഭാഗം മേധാവി ഡോ. നിർമ്മല ഡെന്നീസ് എന്നിവർ പ്രസംഗിച്ചു.

## അമല ആയുർവ്വേദാശുപത്രിക്ക് അഭിമാനനേട്ടം

കേരള ഗവൺമെന്റ് അംഗീകൃത പാരാമെഡിക്കൽ കോഴ്സുകളിൽ അമല ആയുർവ്വേദാശുപത്രിയിലെ വിദ്യാർത്ഥികളായ അയനപോളിന് ഫാർമസിയിലും ഫെർണ്ണാണ്ടസ് കെ. എൽ. ന് തെറാപ്പിയിലും ഒന്നാം റാങ്ക് ലഭിച്ചു. 88% വിജയം കരസ്ഥമാക്കിയ അമല ആയുർവ്വേദാശുപത്രി സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തെത്തി.



അയന



ഫെർണ്ണാണ്ടസ്

## അമല ഓട്ടോ ഡ്രൈവേഴ്സ് ഓണാഘോഷം



അമല ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ ഓണാഘോഷത്തോടനുബന്ധിച്ച് അവയവദാനസമ്മതപത്രം ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരിക്ക് കൈമാറി. നൂറോളം നിർധനരായ കുടുംബങ്ങൾക്ക് 14 ഇനം നിത്യോപയോഗസാധനങ്ങൾ അടങ്ങിയ കിറ്റും അന്ധരായ രണ്ട് കുട്ടികൾക്ക് പതിനായിരം രൂപ ധനസഹായവും പഠനത്തിൽ മികവ് പുലർത്തിയ ഡ്രൈവർമാരുടെ മക്കൾക്ക് സ്കോളർഷിപ്പും വിതരണം ചെയ്തു. എ.എസ്. കുട്ടി, പി. കെ. പുഷ്പാകരൻ, ടി. ഒ. വർഗ്ഗീസ്, കെ.എസ്. കൃഷ്ണകുമാർ, കെ.പി. രവീന്ദ്രൻ, ഫാ. ജൂലിയസ് അറയ്ക്കൽ, ഫാ. തോമസ് വാഴക്കാല, ജോസഫ് വർഗ്ഗീസ്, രാജൻ ടി.എസ്., എ.പി. ജോയ്, എസ്.എസ്. സതീശൻ, ഐ.വി. ബാബു എന്നിവർ പ്രസംഗിച്ചു.

## വോയ്സ് ഓഫ് അമല



അമലയിലെ ക്വയർ ഗ്രൂപ്പായ വോയ്സ് ഓഫ് അമല ഓണാഘോഷത്തിന്റെ ഭാഗമായി സൗജന്യ ഡയാലിസിസിനുള്ള തുകയും അമ്മമാർക്ക് ഓണക്കിറ്റും വിതരണം ചെയ്തു. നടി ജ്യോതികൃഷ്ണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ഫ്രാൻസീസ് കുരിശ്ശേരി ഡയാലിസിസ് തുക ഏറ്റുവാങ്ങി. ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ, ഷിൻസി റാഫേൽ എന്നിവർ പ്രസംഗിച്ചു. കലാപരിപാടിയും ഗാനമേളയും നടത്തി.

## ഓണപൂക്കളം





അമല അത്യാഹിതവിഭാഗത്തിൽ വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്ന ചാവറയച്ചനും ഏവുപ്രാസ്യാമ്മയും നിറഞ്ഞുനിന്ന പൂക്കളം. ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി ഉദ്ഘാടനം ചെയ്തു. ജോയ് പുത്തൂർ, ജോസ്ന, പോൻസി എന്നിവർ ചേർന്നാണ് രൂപകൽപ്പനചെയ്തത്.

## ഇന്ധനരഹിത ഇൻസിനറേറ്റർ സ്ഥാപിച്ചു



മണിക്കൂറിൽ 125 kg. ജനറൽ വേസ്റ്റ് കൺട്രോൾഡ് ഓക്സിജൻ റൊട്ടേറ്റിങ്ങ് ടെക്നോളജി ഉപയോഗിച്ച്, യാതൊരുവിധത്തിലുള്ള ഇന്ധനവും ആവശ്യമില്ലാതെ ചാരമാക്കി മാറ്റാവുന്ന ഇൻസിനറേറ്റർ അമല ആശുപത്രിയിൽ സ്ഥാപിച്ചു. പേപ്പർ, ഭക്ഷണാവശിഷ്ടങ്ങൾ, ഉണങ്ങിയ ഇലകൾ തുടങ്ങി എല്ലാ ജനറൽ വേസ്റ്റുകളും അന്നന്നുതന്നെ കത്തിച്ചു കളയുവാൻ ഇതിലൂടെ സാധിക്കും. അമലയിലെ എൻവയറോൺമെന്റ് മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റിനാണ് ഇതിന്റെ മേൽനോട്ടച്ചുമതല. കോയമ്പത്തൂരിലെ വീനസ് ടെക്നോളജീസ് ആണ് ഇൻസിനറേറ്റർ നിർമ്മിച്ച് നൽകിയത്. ഇതിന്റെ ഉൽഘാടനം അടാട്ട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ടി. ആർ. ജയചന്ദ്രൻ നിർവ്വഹിച്ചു.


Amala Institute of Medical Sciences
Amala Nagar P.O., Thrissur - 680 555, Kerala.
Phone : +91 - 487 - 2304000, Fax : +91 - 487 - 2307020
E-mail: info@amalaims.org director@amalaims.org
amalamedicalcollege@gmail.com Web: www.amalaims.org